12/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1494(2)/2020**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12553**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഡോ.പ്രദീപ് ശങ്കർ എസ്.,**
**ഉൽപ്പലാ നിവാസ്,**
**TC 20/1886(1),**
**കാട്ടാൻവിള ലൈൻ,**
**തമലം, പൂജപ്പുര പി.ഒ.,**
**തിരുവനന്തപുരം – 695 012.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അണ്ടർ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി& ജോയിന്റ് സെക്രട്ടറി(ലിറ്റിഗേഷൻ), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.10.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.11.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.11.2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

# <u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ.പ്രദീപ് ശങ്കർ എസ്., 09.11.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 12.11.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1494(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 15.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ബഹുകേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി OA(EKM)76/2020 dated 12.02.2020, Receipt No.288691/2020/AVI KPSC HO, File No.A6-3/9/2020-KPSC. തൽ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കണമെന്നും

2) Receipt No.304745/2020/TRC 3 KPSC HO,Subject:- OA(EKM)76/2020 filed by Dr.Abdul Rasak.A&others-reg, Received from:-Secretary to Government, Ayush(A)Department, Previous Reference Number:-A2/322/2019/Ayush തൽ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കണമെന്നും

a) Receipt No.288691/2020/AVI KPSC HO No.File No.A6-3/9/2020-KPSC received from Abdul Razak, ഫയൽ പകർപ്പ് ലഭ്യമാക്കണമെന്നും

b) Receipt No.304745/2020/TRC 3 KPSC HO,Subject:- OA(EKM)76/2020 filed by Dr.Abdul Rasak.A&others-reg,Received from:-Secretary to Government, Ayush(A)Department, Previous Reference Number:-A2/322/2019/Ayush ഫയൽ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 24.08.2020ന് മറുപടി നൽകിയതായി കാണുന്നു.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ വിവരാവകാശ അപേക്ഷയിന്മേൽ ചോദ്യം 1, 2 എന്നിവയ്ക്ക് 24.08.2020ന് എസ്.പി.ഐ.ഒ. നൽകിയ

മറുപടി നിയമാനുസൃതവും വസ്തുനിഷ്ഠവും ആകയാൽ ആയതു ശരിവച്ചുകൊണ്ടും ചോദ്യം 3ന് നൽകിയ മറുപടിയിൽ ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ(ആയുർവേദ) തസ്തികയുടെ റാങ്ക് പട്ടികയിലെ ഭിന്നശേഷി, Locomotor Disability വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ (List of 3% reservation of vacancies for Differently abled candidates) പട്ടിക വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ ബഹു.ട്രൈബ്യൂണലിൽ നൽകിയ കേസിന്മേൽ 12.02.2020ന് പുറപ്പെടുവിച്ച വിധിയ്ക്കെതിരെ ബഹു.കമ്മീഷൻ ഹൈക്കോടതിയിൽ 148/2020 നമ്പർ OP(KAT) ഫയൽ ചെയ്തിരുന്നുവെന്നും ആയതിന്റെ വാദം കോടതിയിൽ പുരോഗമിച്ചു വരുന്ന അവസരത്തിലാണ് ഹർജിക്കാരൻ പകർപ്പുകൾ ആവശ്യപ്പെട്ടതെന്നാണ്.

ഇതിനു പുറമേ ടിയാൻ അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം പ്രസ്തുത തസ്തികയുടെ Locomotor Disability/ഭിന്നശേഷി വിഭാഗത്തിന്റെ 3% സംവരണം പട്ടികയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട കേസിന്റെ വിവരമാണെന്നും ടി കേസിന്റെ വിവരം ഒരു പൊതുരേഖയായി കരുതാനാകില്ലെന്നുമാണ്.

12.02.2020 തീയിതയിൽ OA(EKM)76/2020 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിയ്ക്കെതിരെ കമ്മീഷൻ ഫയൽ ചെയ്ത OP(KAT) 148/2020 ന്മേൽ 06.10.2020ന് അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിന്മേലുള്ള തുടർ നടപടികൾ കമ്മീഷൻ സ്വീകരിച്ചു വരികയാണെന്നും ആയത് പൂർത്തിയായതിനു ശേഷം ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ വിവരാവകാശ നിയമപ്രകാരം നിർദ്ദിഷ്ട അപേക്ഷയിൽ നിശ്ചിത ഫീസൊടുക്കി ആവശ്യപ്പെടുന്ന പക്ഷം നൽകുന്നതാണെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രസ്തുത ഫയലിന്റെ പകർപ്പുകൾ വിവരാവകാശ നിയമത്തിലെ ഏത് വകുപ്പുപ്രകാരമാണ് നൽകാൻ കഴിയാത്തതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 3(a)(b) എന്നിവയ്ക്ക് വിവരം നൽകിയിട്ടില്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമത്തിലെ വകുപ്പു 8 അല്ലെങ്കിൽ 9 പ്രകാരം മാത്രമേ വിവരം നിഷേധിക്കുവാൻ സാധിക്കുകയുള്ളു എന്നിരിക്കെ മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് തെറ്റായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിരിക്കുന്നത്. ആകയാൽ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി

എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

Ge/